**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2765** **06-10-2025 - ൽ മറുപടിയ്ക്ക്**

**സോളാർ വൈദ്യുതി ഉല്പാദനം നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ശ്രീ. പി. കെ. ബഷീർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സോളാർ വൈദ്യുതി ഉല്പാദനം വർദ്ധിച്ചു വരുന്നത് നിയന്ത്രിക്കുവാൻ കെ. എസ്. ഇ. ബി. ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; | (എ) | ഇല്ല. |
| (ബി) | സോളാർ, മറ്റ് പുനരുപയോഗ സ്രോതസ്സുകൾ എന്നിവയിൽ നിന്നുളള വൈദ്യുതി ഉല്പാദനം വർദ്ധിക്കുന്നതനുസരിച്ച് പ്രസരണ വിതരണ ശൃംഖലകൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | വിതരണ രംഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി ദ്യുതി 2.0, വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS) എന്നീ പദ്ധതികളാണ് കെ.എസ്.ഇ.ബി.എൽ. വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി നിലവിൽ നടപ്പിലാക്കുന്നത്. ദ്യുതി 1 പദ്ധതിയുടെ തുടർച്ചയായി വിതരണ രംഗം കൂടുതൽ ആധുനികവത്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി 4,717 കോടി രൂപയുടെ പ്രവൃത്തികളാണ് 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നത്. 2022-23 മുതൽ നാളിതു വരെ 2,232 കോടി രൂപയുടെ പ്രവൃത്തികൾ ദ്യുതി 2 പദ്ധതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം സോളാർ, ഇലക്ട്രിക് വെഹിക്കിൾ എന്നിവ മൂലമുണ്ടാകുന്ന ലോഡ് വർദ്ധനവ് കണക്കിലെടുത്ത് ദ്യുതി 2 പദ്ധതികളിൽ പ്രാദേശിക സാഹചര്യം അനുസരിച്ചുള്ള പ്രവൃത്തികൾ പ്രത്യേകമായി ഉൾപ്പെടുത്തി നിർവ്വഹിച്ചു വരുന്നു.<br><br>സോളാർ, മറ്റ് പുനരുപയോഗ സ്രോതസ്സുകൾ എന്നിവയിൽ നിന്നുള്ള വൈദ്യുതി, ഗ്രീൻ എനർജി കോറിഡോർ രണ്ടാം പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പ്രസരണ ലൈനുകൾ നിർമ്മിക്കാനും നിലവിൽ ഉള്ള ലൈനുകൾ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. കൂടാതെ ഗ്രീൻ എനർജി മൂന്നാം പദ്ധതിയിൽ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | പുതിയ ലൈനുകൾ നിർമ്മിക്കാനും നിലവാരം ഉയർത്താനുമുള്ള നിർദ്ദേശം കേന്ദ്രഗവൺമെന്റ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br><br>സോളാർ, മറ്റു പുനരുപയോഗ സ്രോതസ്സുകൾ എന്നിവയിൽ നിന്നുള്ള വൈദ്യുതോൽപാദനം വർദ്ധിക്കുന്നതിനനുസരിച്ച് പ്രസരണ- വിതരണ ശൃംഖലകൾ ശക്തിപ്പെടുത്താനുള്ള നടപടി, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവുകൾക്ക് വിധേയമായി സ്വീകരിച്ചു വരുന്നു |
| (സി) | സോളാർ ഉല്പാദകർക്കുള്ള ആനുകൂല്യങ്ങൾ നിയന്ത്രിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; സോളാർ ഉല്പാദകരുടെ താൽപര്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ